**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 189 — 17.06.2014 ൽ മറുപടിക്ക്

## സമ്പൂർണ്ണ ഡിജിറ്റൽ കേരളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ വാഹീദ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
| (എ) മിഷൻ 676 ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡിജിറ്റൽ കേരളത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം പദ്ധതികളാണ് ഇതു വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) & (ബി) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ സേവനങ്ങളും സർവീസുകളും ഡിജിറ്റലായും ഇലക്ട്രോണിക്കായും കൈകാര്യം ചെയ്യുവാൻ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഐ.ടി അധിഷ്ഠിതമായ സർക്കാർ സേവനങ്ങൾ ജനങ്ങൾക്കുറപ്പാക്കുന്നതിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യത്തിനു പോലും പ്രസക്തിയില്ലാത്തവിധം കേരളം മുന്നിലാണ്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി സംസ്ഥാനത്ത് 2013 മാർച്ച് 31 ഓടെ എല്ലാ ജില്ലകളിലും നിലവിൽ വന്നതോടെ കേരളം രാജ്യത്തിന് തന്നെ മഹത്തായ മാതൃകയായി. രാജ്യത്താകെ 50 ജില്ലകളിൽ പദ്ധതി യാഥാർത്ഥ്യമായപ്പോൾ അതിൽ കേരളത്തിലെ മുഴുവൻ ജില്ലകളും ഉൾപ്പെടുകയുണ്ടായി. ഡിജിറ്റൽ ഫയൽ സംവിധാനമായ ഇ-ഓഫീസ് സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുക, എല്ലാ സർക്കാർ വകുപ്പുകളും ഡിജിറ്റൽ ഡേറ്റാബേസ് ഉണ്ടാക്കുക, ഇ-മെയിലുടെയും മറ്റും സർക്കാരുമായി ആശയ വിനിമയത്തിന് പൊതുജനങ്ങളെ പ്രേരിപ്പിക്കുക, പഞ്ചായത്തു തലം വരെ KSWAN കണക്ഷൻ ലഭ്യമാക്കുക, സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചറോടു കൂടി ഓൺലൈൻ വഴി ലഭ്യമാക്കുക. സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ-പേയ്മെൻറ് ഗേറ്റ് വേ വഴി നടത്തുക എന്നീ കാര്യങ്ങളാണ് ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന ഇ-ഡിസ്ട്രിക്റ്റ്, ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ് ഗേറ്റ് വേ തുടങ്ങിയ നിരവധി പദ്ധതികളും സ്റ്റേറ്റ് ഡാറ്റാ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക്, സെക് വാൻ തുടങ്ങിയ ഐ.ടി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കി വരുന്നതിന് പുറമെ സർവീസ് പ്ലസ്, ഇ-ഓഫീസ്, സ്റ്റേറ്റ് സർവീസ് |

ഡെലിവറി ഗേറ്റ് വേ തുടങ്ങിയ നൂതന പദ്ധതികൾ നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഇ-ഗവേണൻസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) & (ഡി) നൂതന ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ, സർവീസ് പ്ലസ്, ഇ-ഓഫീസ് എന്നീ പദ്ധതികൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**I. സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ**

ഈ പദ്ധതിയുടെ ഭാഗമായി ഇ-ഗവേണൻസ് സർവീസുകൾ ലഭ്യമാക്കുന്നതിനായി www.eservices.kerala.gov.in എന്ന വെബ് പോർട്ടൽ വികസിപ്പിക്കുവാൻ ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പദ്ധതിയുമായി സഹകരിക്കുന്ന വകുപ്പുകൾ സ്വീകരിക്കേണ്ട പ്രവർത്തന പദ്ധതി തയ്യാറാക്കി വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**II. ഇ-ഓഫീസ്**

(i) ഇ-ഓഫീസ് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചു.

(ii) സെക്രട്ടറിയേറ്റിലെ ഇന്റേണൽ നെറ്റ് വർക്ക് നവീകരിക്കുവാൻ നടപടി സ്വീകരിച്ചു.

(iii) സെക്രട്ടേറിയറ്റിലെ പൊതുഭരണം, ഉന്നത വിദ്യാഭ്യാസം,വിവര പൊതുജന സമ്പർക്കം, നിയമം, ശാസ്ത്ര സാങ്കേതികം, ഇലക്ഷൻ തുടങ്ങിയ വകുപ്പുകളൊഴിച്ചുള്ള സെക്രട്ടറിയേറ്റിലെ മറ്റ് വകുപ്പുകളിലെ ഏതാണ്ട് 2400 ഓളം വരുന്ന ജീവനക്കാർക്ക് ഇ-ഓഫീസിൽ പരിശീലനം നൽകി .

(iv) ധനകാര്യം, ഐ.റ്റി, വ്യവസായം എന്നീ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പാക്കി.

(v) അടിസ്ഥാന സൗകര്യ വിടവ് നികത്തുന്ന മുറയ്ക്ക് ജൂലൈ മുതൽ കൂടുതൽ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(vi) സെക്രട്ടേറിയറ്റിന് പുറത്ത് കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും ഇ-ഓഫീസ് നടപ്പാക്കുവാൻ തീരുമാനിച്ചു.

**III. സർവീസ് പ്ലസ് പദ്ധതി**

(i) സർവീസ് പ്ലസ് നടപ്പാക്കുന്നതിനായി ഈ വർഷം 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി.

(ii) സ്റ്റേറ്റ് ഇ മിഷൻ ടീം-ലെയും, കേരള സ്റ്റേറ്റ് ഐ.ടി മിഷനി-ലെയും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ഡെൽഹി എൻ.ഐ.സിയിൽ വച്ച് പരിശീലനം നല്കി.

(iii) സർവീസ് പ്ലസ് മുഖാന്തിരം ഓൺലൈനായി നല്കുന്ന സർവീസുകൾ തെരഞ്ഞെടുക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും മറ്റും

വകുപ്പ് മേധാവികളുടെ യോഗം വിളിച്ച് നിർദ്ദേശം നൽകി.

ഇ-ഗവേണൻസ് പദ്ധതികളുടെ നടത്തിപ്പ് മേൽനോട്ടത്തിനും സമയബന്ധിതമായ കാര്യ ക്ഷമമായ പൂർത്തീകരണത്തിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും അദ്ധ്യക്ഷന്മാരും അംഗങ്ങളായി ട്ടുള്ള സംസ്ഥാന തലത്തിൽ ഒരു അപക്സ് കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**